'ഭരണഭാഷ- മാതൃഭാഷ'

## പതിനാലാം കേരള നിയമസഭ

### പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 740 — 4.03.2020-ലെ മറുപടിയ്ക്ക്

### <u>സംസ്ഥാനത്തിന്റെ വനവിസ്തൃതി</u>

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ | | മറുപടി<br>അഡ്വ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഇപ്പോഴുള്ള വന വിസ്തൃതി എത്രയാണെന്ന് വെളിപ്പെടുത്താമോ; | (എ) | 2017-18 ലെ വനം വകുപ്പിന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പ്രകാരം 31.03.2018 തീയതിയിൽ കേരളത്തിലെ വനവിസ്തൃതി, 11521.813 ചതുരശ്ര കിലോമീറ്ററാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വനവിസ്തൃതിയിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്താമോ; | (ബി) | ഉണ്ട്. 2015-16 ലെ വനം വകുപ്പിന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പ്രകാരം 31.03.2016 തീയതിയിലെ കേരളത്തിലെ വനവിസ്തൃതി 11309.4754 ചതുരശ്ര കിലോമീറ്ററാണ്. ആയത് 2017-18 ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പ്രകാരം 31.03.2018 തീയതിയിൽ 11521.813 ചതുരശ്ര കിലോമീറ്റർ ആയിട്ടുണ്ട്. 01.04.2016 മുതൽ 31.03.2018 വരെയുള്ള 2 വർഷക്കാലയളവിൽ വനവിസ്തൃതിയിൽ 212.3376 ചതുരശ്ര കിലോമീറ്ററിന്റെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (സി) | പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ, റിസർവ്വ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികൾ എന്നിവ റിസർവ്വ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ 3.3853 ഹെക്ടറും കണ്ടൽ വനങ്ങൾ വന നിയമം സെക്ഷൻ 19 പ്രകാരം റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചു വരുന്നുണ്ട്. കൂടാതെ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ യഥാക്രമം 3.3853, 20.78, 2.82, 54.6952 ഹെക്ടർ കണ്ടൽ വനങ്ങൾ (ആകെ 81.6805 ഹെക്ടർ) വന നിയമം സെക്ഷൻ 4 പ്രകാരം 'പ്രൊപ്പോസ്ഡ്' റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. റീബിൽഡ് കേരള പദ്ധതിയുടെ കീഴിൽ വനത്തിനുള്ളിലും വനത്തോട് ചേർന്നുകിടക്കുന്ന തെരഞ്ഞെടുത്ത സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനും ഇപ്രകാരമുള്ള പ്രദേശങ്ങളിലെ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനും സ്വകാര്യ കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നതിനും വിഭാവന ചെയ്തിട്ടുണ്ട്. KIIFB യുടെ കീഴിൽ വനത്തിനുളളിൽ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതി നുളള പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി ഏതൊക്കെ പദ്ധതികളിലൂടെ എത്ര തുക ചെലവഴിച്ചുവെന്ന് വിശദീകരിക്കാമോ ? | (ഡി) | വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി റീബിൽഡ് കേരളയുടെ കീഴിലും KIIFB യിലും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും ആയതിനായി ഇതുവരെയും തുക ലഭ്യമാകുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ